പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1843 05.02.2019-ലെ മറുപടിക്ക്

## പാറശ്ശാല നിയോജകമണ്ഡലത്തിലെ ബസ് സർവ്വീസുകൾ

| ചോദ്യം<br>ശ്രീ.സി.കെ. ഹരീന്ദ്രൻ | | മറുപടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആവശ്യത്തിന് കണ്ടക്ടർമാർ ഇല്ലാത്തതു കാരണം വിവിധ ഡിപ്പോകളിൽ നിന്നും പാറശ്ശാല നിയോജകമണ്ഡലവുമായി ബന്ധിപ്പിക്കുന്ന വളരെ കാലപ്പഴക്കമുള്ള ബസ് സർവ്വീസുകൾ പോലും മുടങ്ങുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; | (എ) | ആവശ്യത്തിന് കണ്ടക്ടർമാർ ഇല്ലാത്തത് കാരണം സർവ്വീസുകൾ മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ പി.എസ്.സി മുഖാന്തിരം നിയമിച്ച കണ്ടക്ടർമാർക്ക് ജോലിയിൽ പ്രവേശിക്കാൻ 02.02.2019 വരെ സമയം അനുവദനീയമാണ്. ആയതിനുശേഷം മാത്രമേ ഇതു സംബന്ധിച്ച് നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |
| (ബി) | നെയ്യാറ്റിൻകര, വെള്ളറട, പാറശ്ശാല, കാട്ടാക്കട എന്നീ ഡിപ്പോകളിൽ നിന്നും പാറശ്ശാല നിയോജകമണ്ഡലവുമായി ബന്ധിപ്പിക്കുന്ന എത്ര ബസ് സർവ്വീസുകൾ നിർത്തലാക്കി; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | കാട്ടാക്കട, വെള്ളറട എന്നീ ഡിപ്പോകളിൽ നിന്നും പാറശ്ശാല നിയോജക മണ്ഡലവുമായി ബന്ധിപ്പിക്കുന്ന ഓരോ സർവ്വീസുകൾ വീതം നിർത്തലാക്കിയിട്ടുണ്ട്. നെയ്യാറ്റിൻകര, പാറശ്ശാല എന്നീ ഡിപ്പോകളിൽ നിന്നും പ്രസ്തുത സർവ്വീസുകൾ ഒന്നും തന്നെ നിർത്തലാക്കിയിട്ടില്ല. |
| (സി) | മേൽപ്പറഞ്ഞ ഡിപ്പോകളിൽ എത്ര വീതം കണ്ടക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ട് എന്ന് അറിയിക്കാമോ? | (സി) | നെയ്യാറ്റിൻകര - 66<br>വെള്ളറട - 48<br>പാറശ്ശാല - 59<br>കാട്ടാക്കട - 60 |

സെക്ഷൻ ഓഫീസർ